ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നേരിട്ടുള്ള നിയമനം

28 (2280) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജൂലൈ മുതൽ സഹകരണ വകുപ്പിൽ നാളിതുവരെ തസ്തികമാറ്റം വഴി എത്ര യു.ഡി.സി./യു.ഡി.റ്റി.-മാരെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിയമിച്ചിട്ടുണ്ട് ; ഇതിന്റെ വിശദാംശം നൽകുമോ ;

(ബി) 2011 മാർച്ച് 31-നകം തസ്തികമാറ്റം വഴി നിയമനം ലഭിക്കത്തക്ക വിധം യോഗ്യരായ എത്ര യു.ഡി.സി./യു.ഡി.റ്റി.-മാർ സഹകരണ വകുപ്പിൽ ജോലി ചെയ്യുന്നു ; ഇവരുടെ പേരും യു.ഡി.സി./യു.ഡി.റ്റി. തസ്തികയിൽ പ്രവേശിച്ച തീയതിയും വ്യക്തമാക്കുമോ ;

(സി) തസ്തികമാറ്റം വഴി നിയമനത്തിനായി പ്രസ്തുത തസ്തികയിൽ മാറ്റിവച്ച എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനംവഴി നികത്തിയിട്ടുണ്ട് ; ഗ്രാമ സേവകൻമാരുടെ എത്ര ഒഴിവുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമസേവകന്മാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണെന്നുള്ള പി.എസ്.സി.-യുടെ കത്ത് കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) 7 പേർ ജോലി ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) തസ്തികമാറ്റം വഴി നിയമനത്തിനായി പ്രസ്തുത തസ്തികയിൽ മാറ്റിവച്ച 171 ഒഴിവുകൾ നേരിട്ടുള്ള നിയമനംവഴി നികത്തിയിട്ടുണ്ട്. ഗ്രാമസേവകൻമാരുടെ 64 ഒഴിവുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവുകൾ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് നേരിട്ട് നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly